(8) ഡി.ഡി.ഇ. ഓഫീസുകൾക്ക് മുന്നിൽ എം.എസ്.എഫ്. നടത്തുന്ന ധർണ

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, വിവിധ വിദ്യാഭ്യാസ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് മുസ്ലീം വിദ്യാർത്ഥി ഫെഡറേഷൻ (എം.എസ്.എഫ്) ഇന്ന് സംസ്ഥാനത്തെ 14 ഡി. ഡി. ഓഫീസുകൾക്കു മുന്നിലും ധർണ നടത്തുകയാണ്. പ്ലസ്ടു അനുവദിച്ചതിലുള്ള അപാകത പരിഹരിക്കുക, പുതിയ പാഠ്യപദ്ധതി കുറ്റമറ്റതാക്കുക, കാർഷിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾക്കും സ്ഥാപനങ്ങൾക്കും നൽകുക, എൻട്രൻസ് പരീക്ഷ ഏകീകരിക്കുക, പ്രൈമറി തലത്തിൽ നിന്ന് അറബിക് എടുത്തുകളയാനുള്ള നീക്കം ഉപേക്ഷിക്കുക, അറബിക് കോളേജ് വിദ്യാർത്ഥികളുടെ പ്രശ്നം പരിഹരിക്കുക, മുസ്ലീം-നാടാർ വിദ്യാർത്ഥിനി സ്കോളർഷിപ്പുകൾ കുടിശ്ശിക സഹിതം ഉടൻ വിതരണം ചെയ്യുക, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുക. സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് അവർ ഉന്നയിക്കുന്നത്. അവരുടെ ആവശ്യങ്ങളോട് അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഇക്കാര്യങ്ങളൊക്കെ ഇന്നലെ വിശദമായി ചർച്ച ചെയ്തതാണ്. പുതിയ പാഠ്യപദ്ധതി കുറ്റമറ്റതാക്കുന്നതിനു തന്നെയാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അറബി ഭാഷയുടെ പ്രാധാന്യം ഒട്ടും കുറച്ചുകാണാതെ തന്നെയാണ് മുന്നോട്ടു പോകുന്നത്. അതിൽ, അതിന്റെ പാഠപുസ്തകങ്ങൾ നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ നോക്കുന്നുണ്ട്. ഇവിടെ അറബി എടുത്തുമാറ്റാനുള്ള നീക്കം നടക്കുന്നുവെന്നു പറയുന്നതൊന്നും ശരിയായിട്ടുള്ള കാര്യമല്ല. അറബി ഭാഷയ്ക്ക് അതിന്റെ പ്രാധാന്യം കൊടുത്തുകൊണ്ടുതന്നെയാണ് മുന്നോട്ടുപോകുന്നത്. സ്കോളർഷിപ്പിനെ സംബന്ധിച്ച് ആവശ്യമായ തുകയില്ലായെന്നുള്ളത് ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക വിതരണം ചെയ്തുകഴിഞ്ഞാൽ അവശേഷിക്കുന്നതു കൂടെ കൊടുത്തുതീർക്കാനുള്ള തുക കണ്ടെത്തുന്നതാണ്. ഇവിടെ ഉന്നയിച്ചിട്ടുള്ള വിഷയങ്ങളിൽ ന്യായമായതൊക്കെ ചെയ്തു തരികയെന്നുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

(9) വടക്കാഞ്ചേരി പഞ്ചായത്തിന്റെ 1999-2000 വർഷത്തെ പദ്ധതിവിഹിതം

ശ്രീ. വി. ബാലറാം : സർ, എന്റെ നിയോജകമണ്ഡലത്തിലെ താലൂക്ക് ആസ്ഥാനം കൂടിയായ വടക്കാഞ്ചേരി സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തിന്റെ 1999-2000 ലേയ്ക്കുള്ള പദ്ധതി ഇതുവരെ അംഗീകരിച്ചിട്ടില്ല. അവിടെ സാധാരണ നിയമപ്രകാരം ഗ്രാമസഭ ചേർന്ന് വികസന സെമിനാർ നടത്തി. കർമ്മ സമിതിയിൽ വച്ച് 10-6-1999 ന് ബി. എൽ. ഇ.സി. പരിശോധിച്ച് ബി. ഡി. സി. ക്കു കൊടുത്തു. ബി.ഡി.സി.യുടെ സബ് കമ്മിറ്റിയും അംഗീകരിച്ചു. 30-6-1999-ൽ

LIBRARY ARCHIVES Kerala Legislative Assembly

ചേർന്ന ബി.ഡി.സി. ആ പദ്ധതി അംഗീകരിക്കാതെ പോയിരിക്കുന്നു. തൃശൂർ ജില്ലയിൽ ആകെ 98 പഞ്ചായത്തുകളാണുള്ളത്. 97 പഞ്ചായത്തുകളിലും പദ്ധതിരേഖ അംഗീകരിച്ചു. ന്യൂനതകൾ ഉണ്ടാകാം. ഉണ്ടെങ്കിൽ അത് എന്താണെന്ന് ചൂണ്ടിക്കാണിക്കാൻ തയ്യാറായിട്ടുമില്ല ; പഞ്ചായത്തിനെ അറിയിച്ചിട്ടുമില്ല. മാത്രമല്ല പഞ്ചായത്തിന് പറയാനുള്ളത് കേൾക്കാനുള്ള അവസരം പോലും ഉണ്ടാക്കിയിട്ടില്ല. 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് താലൂക്ക് ആസ്ഥാനത്തുള്ള സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തിനുള്ളത്. 16 ലക്ഷം രൂപ ആദ്യത്തെ ഇൻസ്റ്റാൾമെന്റ് കിട്ടേണ്ടതാണ്. അത് കിട്ടിയില്ലെങ്കിൽ ഗ്രാമത്തിന്റെ വികസന പ്രവർത്തനങ്ങൾ മുഴുവൻ സ്തംഭിച്ചുപോകും. അത് ബി.ഡി.സി. യെക്കൊണ്ട് അംഗീകരിപ്പിക്കാൻ തയ്യാറാകണം. തടഞ്ഞുവയ്ക്കാനുള്ള അധികാരം ബി.ഡി.സി.യ്ക്കു ഉണ്ടോയെന്ന് വ്യക്തമാക്കണം. അത് അനുവദിക്കാൻ ബഹുമാനപ്പെട്ട മന്ത്രി വേണ്ട നിർദ്ദേശം കൊടുക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 1999-2000 വർഷത്തേയ്ക്കുള്ള ജനകീയാസൂത്രണ പദ്ധതിരേഖ പൂർത്തിയാക്കി 11-6-1999 ന് വടക്കാഞ്ചേരി ബി.എൽ.ഇ.സി.യ്ക്ക് സമർപ്പിച്ചു. പദ്ധതിരേഖ, നേരത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട മെമ്പർമാരും കർമ്മസമിതി അംഗങ്ങളും ഉൾപ്പെടെയുള്ളവർ ബി. എൽ. ഇ. സി.യ്ക്ക് സമർപ്പിച്ച 12 പരാതികൾ സംബന്ധിച്ച്, വിദഗ്ദ്ധസമിതി തന്നെ നിയമിച്ച സബ്കമ്മിറ്റിയുടെ റിപ്പോർട്ടോടുകൂടിയാണ് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ട് വിശദമായി പരിശോധിച്ച ജില്ലാ പ്ലാനിംഗ് കമ്മിറ്റി, യഥാർത്ഥത്തിൽ പദ്ധതിരൂപീകരണ നടപടിക്രമങ്ങളിൽ അപാകത എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ എന്ന കാര്യം 30-6-1999 ലെ യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. ചർച്ചയിൽ, വടക്കാഞ്ചേരി പഞ്ചായത്തിന്റെ പദ്ധതിരൂപീകരണ നടപടിക്രമങ്ങളിൽ അപാകതയൊന്നും സംഭവിച്ചിട്ടില്ലായെന്നും നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടുണ്ടെന്നും അതിനാൽ പദ്ധതിരേഖ അംഗീകരിക്കണമെന്ന് ഒരു വിഭാഗവും, അതേസമയം നടപടിക്രമങ്ങൾ ഒന്നും തന്നെ പാലിക്കാതെ ആണ് പദ്ധതിരേഖ തയ്യാറാക്കിയിരിക്കുന്നതെന്ന് മറ്റൊരു വിഭാഗവും തർക്കം ഉന്നയിച്ചു. ഈ അവസരത്തിൽ ചെയർമാൻ പ്ലാനിംഗ് ബോർഡിലെ വിദഗ്ദ്ധാംഗത്തിന്റെ ഉപദേശം തേടുകയുണ്ടായി. നിയമത്തിന്റെ നൂലാമാലകളുടെ പുറകേപോകാതെ സർക്കാരിനെയും പ്ലാനിംഗ് ബോർഡിനെയും അറിയിച്ചുകൊണ്ട് പരിഹാരം കാണുന്നതാണ് ഉചിതമെന്ന് അദ്ദേഹം അറിയിച്ചു. ഒന്നാമതായി നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും രണ്ടാമതായി പ്രോജക്ടുകൾ ശരിയാണോ എന്നും ഇങ്ങനെ രണ്ടുതരത്തിൽ പ്രോജക്ടുകളെ വിലയിരുത്തണമെന്ന് അഭിപ്രായപ്പെട്ടു. ഒന്നാമത്തെ കാര്യത്തിൽ ഇളവനുവദിച്ചുകൊണ്ട് പ്രോജക്ടുകൾ ശരിയാണെങ്കിൽ പദ്ധതിരേഖ പാസ്സാക്കുവാൻ നിർദ്ദേശിച്ചു. ഈ കാര്യത്തിൽ ഒരു അഭിപ്രായസമന്വയം ഉണ്ടാകാത്തതിനാൽ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പദ്ധതി രൂപീകരണ വേളയിൽ ഉണ്ടായിട്ടുള്ള നടപടി ക്രമങ്ങൾ ശരിയാണോ എന്ന് അന്വേഷിക്കുവാൻ ആസൂത്രണ സമിതിയിലെ രണ്ട് അംഗങ്ങൾ പ്ലാനിംഗ് ബോർഡിലെ വിദഗ്ദ്ധാംഗം, ജില്ലാ പ്ലാനിംഗ് ഓഫീസർ, ജില്ലാ കോ-ഓർഡിനേറ്റർ, അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), പഞ്ചായത്ത് ഡെപ്യൂട്ടി

LIBRARY ARCHIVES Kerala Legislative Assembly

ഡയറക്ടർ എന്നിവർ ഉൾക്കൊള്ളുന്ന ഒരു ഏഴംഗ സമിതിയെ നിയമിച്ചു. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് 25-7-1999 ന് കൂടുന്ന ജില്ലാ ആസൂത്രണ സമിതിയിൽ അവതരിപ്പിക്കാനും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനം സർക്കാരിനെ അറിയിക്കാനും നിശ്ചയിച്ചു. ജില്ലാ പ്ലാനിംഗ് കമ്മിറ്റി മേൽപ്രകാരം തീരുമാനമെടുത്ത് സർക്കാരിനെയും പ്ലാനിംഗ് ബോർഡിനെയും അറിയിക്കുന്ന മുറയ്ക്ക് മാത്രമേ സർക്കാരിന് വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പദ്ധതിരേഖ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കാനാവുകയുള്ളൂ. ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ ബന്ധപ്പെട്ട പഞ്ചായത്തിന് സർക്കാരിൽ അപ്പീൽ ബോധിപ്പിക്കാവുന്നതുമാണ്. ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയാൽ അത് വിശദമായി പരിശോധിക്കും. യാതൊരു വിധ രാഷ്ട്രീയ പരിഗണനയും കൂടാതെ ഈ കാര്യത്തിൽ സർക്കാർ തീരുമാനം എടുക്കുന്നതായിരിക്കും.

(10) തെരുവുവിളക്കുകൾ കത്തിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാധനസാമഗ്രികൾ വാങ്ങിക്കൊടുക്കാത്തത് സംബന്ധിച്ച്

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. വിദ്യുച്ഛക്തി മന്ത്രികൂടി മറുപടി പറഞ്ഞാലേ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകൂ. തെരുവ് വിളക്കുകൾ സംരക്ഷിക്കുന്ന കാര്യത്തിൽ നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത് വളരെ ഗുരുതരമായ സംഭവവികാസമാണ്. തെരുവ് വിളക്കുകൾ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം 1996-ൽ പാസ്സാക്കിയ നിയമപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിരിക്കുകയാണ്. മെറ്റീരിയൽസ് മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങി കൊടുത്താൽ ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥന്മാരാണ് അറ്റകുറ്റപ്പണികൾ പൂർത്തിയാക്കേണ്ടത്. പക്ഷെ കേരള സംസ്ഥാനത്തുടനീളമുള്ള എല്ലാപേർക്കും അറിയാം, നമ്മുടെ സഭയിലെ എല്ലാ മെമ്പർമാർക്കും അറിയാം, നമ്മുടെ തെരുവ് വിളക്കുകൾ വളരെയേറെ ശോചനീയാവസ്ഥയിലാണെന്ന്. ഒന്ന്, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സമയാസമയങ്ങളിൽ മെറ്റീരിയൽസ് കൊടുക്കാൻ കഴിയുന്നില്ല. അഥവാ മെറ്റീരിയൽസ് കൊടുത്താലും നന്നാക്കികൊടുക്കുവാനുള്ള സമീപനം ഇലക്ട്രിസിറ്റിബോർഡ് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. അവർ പറയുന്നത് പല സ്ഥലങ്ങളിലും ആവശ്യത്തിന് ഉദ്യോഗസ്ഥന്മാരില്ല എന്നാണ്. അതുകൊണ്ട് ഫലത്തിൽ നമ്മുടെ തെരുവുകൾ അന്ധകാര പൂർണ്ണമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത് വളരെ ഗൗരവമായ പ്രശ്നമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ വൈദ്യുതി ബോർഡും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തമ്മിൽ ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കണം. ലോക്കൽ തലത്തിൽ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ച് ഇത് പഠിച്ച് ഇംപ്ലിമെന്റ് ചെയ്യുന്നതിനുവേണ്ടി ഇല്ക്ട്രിസിറ്റി ബോർഡിലെയും തദ്ദേശസ്വയംഭരണ വകുപ്പിലെയും ഉദ്യോഗസ്ഥന്മാർ ഉൾക്കൊള്ളുന്ന ഒരു സമിതിയെ നിയമിക്കണം. അല്ലെങ്കിൽ ഏതെങ്കിലും ഒരു വകുപ്പിന് ഇത് പൂർണ്ണമായി കൊടുക്കുവാൻ തയ്യാറാക്കണം. ഒന്നുകിൽ എൽ. എ.ഡി., അല്ലെങ്കിൽ ഇലക്ട്രിസിറ്റി ബോർഡ്. ഇത് ചെയ്തില്ലെങ്കിൽ തെരുവ് വിളക്കുകൾ അനാഥമായി കിടക്കുന്ന സാഹചര്യമുണ്ടാകും. ബഹുമാനപ്പെട്ട തദ്ദേശ വകുപ്പുമന്ത്രിയും വിദ്യുച്ഛക്തി വകുപ്പുമന്ത്രിയും ആലോചിച്ച് ഇതിന് പരിഹാരം ഉണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly